# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - നടപ്പു സാമ്പത്തിക വർഷം കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 17/09/2020-ലെ ഇതേ നമ്പർ ഉത്തരവ്.
(2) തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 23/12/2020-ലെ SHT/389/2020 നമ്പർ കത്ത്.
(3) തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 08/01/2021-ലെ GCH/191/2019 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/1935/2020 തീയതി : 19/01/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം 95,000/-രൂപയും തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം 99,989/-രൂപയും ചേർത്ത് ആകെ 1,94,989/-രൂപ അനുവദിക്കണമെന്ന് സ്ഥാപന സൂപ്രണ്ടുമാർ അപേക്ഷിച്ചിരിക്കുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| No | Name of Home | Sanctioned Amount (As per Order No: ICPS 2/1935/2020 dated : 17/09/2020) | Expenditure | Balance Amount | Needed Amount | Whether UC and SoE Received |
|---|---|---|---|---|---|---|
| 1 | Government children's Home for boys, Poojappura, Thiruvananthapuram | 1,20,000/- | 95,006/- | 24,994/- | 95,000/- | Yes |
| 2 | Government children's Home for boys, Ramavarmapuram, Thrissur | 1,20,000/- | 74,989/- | 45011/- | 99,989/- | Yes |
| | | | | Grand Total | 1,94,989/- | |
| (One Lakh Ninety Four Thousand Nine Hundred and Eighty Nine Rupees Only) | | | | | | |

ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 2020-2021 സാമ്പത്തിക വർഷം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ്

PTO

ഹോമുകളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ചെലവുകൾക്കായി (ട്യൂഷൻ/സ്പെഷ്യൽ ട്യൂഷൻ ഫീസ്, അഡ്മിഷൻ ഫീസ്, വിവിധ കോഴ്സ് ഫീസുകൾ, പഠനസാമഗ്രികൾ വാങ്ങുന്നതിന്, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി) ആകെ 19,80,000/-രൂപ അനുവദിച്ചിരുന്നു. ആയതിൽ 1,20,000/-രൂപ വീതം തിരുവനന്തപുരം, തൃശൂർ ഗവ ചിൽഡ്രൻസ് ഹോമുകൾക്ക് (ബോയ്സ്) അനുവദിച്ചതും ഉൾപ്പെടുന്നു.

പ്രസ്തുത തുകയുടെ യു.സി, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് സ്ഥാപന സൂപ്രണ്ടുമാർ ഹാജരാക്കിയിരിക്കുന്ന സാഹചര്യത്തിൽ സൂപ്രണ്ടുമാരുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം മേൽപ്പട്ടികപ്രകാരം ആവശ്യമായി വരുന്ന തുകയായ 1,94,989/-രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (1,94,989/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും മേൽപ്പട്ടിക പ്രകാരം അതാത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ പ്രസ്തുത തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

- വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം
- വനിതാ ശിശു വികസന ഓഫീസർ, തൃശൂർ

<u>പകർപ്പ്</u>

1) സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പൂജപ്പുര, തിരുവനന്തപുരം
2) സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് രാമവർമ്മപുരം, തൃശൂർ
3) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
4) ഐ.സി.പി.എസ്-4
5) സ്റ്റോക്ക് ഫയൽ
6) സ്പെയർ കോപ്പി
7) വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12